മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഹോസ്ദുർഗ് ആശുപത്രി ഈ അടുത്തകാലത്തായിട്ടാണ് ജില്ലാ ആശുപത്രിയിക്കിയിട്ടുള്ളത്. ഇതിനു മുമ്പ് അത് ഒരു താലൂക്കാശുപത്രിയായിരുന്നു. അതിന്റെ സംവിധാനങ്ങളിൽ ജില്ലാ ആശുപത്രിക്കു വേണ്ടതായ മാറ്റങ്ങളും മുഴുവൻ ഉടനേ വരുത്താൻ കഴിഞ്ഞിട്ടില്ല. കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇപ്പോൾ അനസ്തേഷ്യാ വിഭാഗത്തിൽ ആളില്ലാത്തതുകൊണ്ട് ഓപ്പറേഷനു ബുദ്ധിമുട്ടുണ്ട്. അതിനു ഉടനേ തന്നെ സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങളും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും പറഞ്ഞിട്ടുണ്ട്. പാരേറൽ അനുസരിച്ചുള്ള തസ്തികകളും കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതും കഴിയുന്നതും വേഗത്തിൽ സാംഗ്ഷൻ ചെയ്യാൻ നോക്കാം.

(5) നിലമ്പൂർ വണ്ടൂർ പ്രദേശങ്ങളും കൂട്ടിച്ചേർത്ത് പുതിയ താലൂക്ക് രൂപീകരണം

ശ്രീ. ടി.കെ. ഹംസ : സർ, ആലപ്പുഴ ജില്ലയോളം വിസ്തീർണ്ണമുള്ളതും 10 ലക്ഷം ജനസംഖ്യയുള്ളതുമായ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇതിന് 2176 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ബ്രിട്ടീഷ് ഭരണകാലം മുതൽ നിലനിൽക്കുന്ന മലബാറിലെ ഏറ്റവും വലിയ താലൂക്കാണ് നിലമ്പൂർ. ബഹുമാനപ്പെട്ട മന്ത്രി എല്ലാ താലൂക്കുകളും വിഭജിക്കുമ്പോൾ വിഭജിക്കാമെന്ന വാക്ക് പറയാതെ നിലമ്പൂർ-വണ്ടൂർ നിയോജക മണ്ഡലങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ഒരു താലൂക്ക് ഉടനെ പ്രഖ്യാപിക്കേണ്ടതാണ്. ഭരണപരമായി അത്യന്താപേക്ഷിതമായ ഒരാവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. പാലാ, മൂവാറ്റുപുഴ, തൊടുപുഴ മുതലായ സ്ഥലങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ആളുകളാണ് നിലമ്പൂരിൽ ഭൂരിപക്ഷവും ഉള്ളത്. അതുകൊണ്ട് ഒരു പ്രത്യേക പരിഗണന നിലമ്പൂർ താലൂക്കിനു നല്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :- സർ, കേരളത്തിലെ ഏറ്റവും വലിപ്പം കൂടിയ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇത് പ്രത്യേകമായി പരിഗണിക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ പ്രായോഗികമായി അതിനു ബുദ്ധിമുട്ടുണ്ട്.

(6) ആർട്ടിസാൻസ് ഡെവലപ്പുമെന്റ് കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) : സർ, കേരളത്തിലെ ആർട്ടിസാൻസിനെ ഉദ്ധരിക്കുന്നതിനായി നിലവിലിരിക്കുന്ന ഒരു കോർപ്പറേഷനാണ് കേരളാ സ്റ്റേറ്റ് ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ. ഈ കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ ഇന്ന് വളരെ മന്ദീഭവിച്ചിരിക്കുകയാണ്. അതിന്റെ പ്രധാനകാരണം സാമ്പത്തികമായ ശോചനീയാവസ്ഥ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഈ സാമ്പത്തികവർഷം തന്നെ വളരെ തുച്ഛമായ സംഖ്യയെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളു. അതുപോലെ തന്നെ ഈ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ക്ഷേമ പ്രവർത്തനമെന്ന നിലയിൽ ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 25,000 രൂപ വരെ ബാങ്കിൽ നിന്ന് ലോൺ കൊടുക്കുന്ന ഒരു പരിപാടിയുണ്ട്. അങ്ങനെ ലോൺ എടുത്ത് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്ന ആളുകളെ വഴിയാധാരമാക്കാതിരിക്കുന്നതിന് അവർ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ കൂടി തുറക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം തന്നെ ആർട്ടിസാൻസ് ക്ഷേമ നിധി ഏർപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ചിലതൊക്കെ പ്രഖ്യാപിക്കുകയുണ്ടായി. ഈ ക്ഷേമനിധി കൈകാര്യം ചെയ്യുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിരിക്കുന്നതായി അറിയുന്നു. ഭരണ രംഗത്തു വരുന്ന അധികച്ചെലവ് ലാഭിക്കുന്നതിന് ഇവരുടെ ക്ഷേമകാര്യങ്ങൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്ന ഈ കോർപ്പറേഷനെതന്നെ ഏൽപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായം കൂടി എനിക്കുണ്ട്. അതുപോലെ തന്നെ Service and Supply Scheme ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്. അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അതും ഉടനടി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, വളരെ പ്രധാനപ്പെട്ട ഒരു ദുർബല വിഭാഗമാണ് ആർട്ടിസാൻസ്. അവർക്ക് ഐ.ആർ.ഡി.പി. യുടെ ടേൺ ലോൺ പ്രകാരം 2450-ൽപരം ആളുകൾക്ക് ജോലി ലഭിക്കത്തക്ക വിധത്തിൽ കുടുംബയൂണിറ്റുകൾ സ്ഥാപിക്കാൻ വേണ്ടി ആർട്ടിസാൻസ് കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. 75,000-ൽപരം ആർട്ടിസാൻസുകളെ ഈ കോർപ്പറേഷന്റെ പ്രവർത്തനഫലമായി കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ജോലി ലഭിക്കുന്നതിനായി supply and service എന്ന പുതിയ ഒരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. അതിനുവേണ്ടി ഓരോ ജില്ലയിലും വിവിധ എഞ്ചിനീയർമാരെ കമ്മിഷൻ നിരക്കിൽ കോർപ്പറേഷൻ നിയമിക്കും. അവർ ഈ ആർട്ടിസാൻസ് ഉണ്ടാക്കുന്ന ഉല്പന്നം ആവശ്യമുള്ളവരെ കണ്ടെത്തി അത് കോർപ്പറേഷൻ മുഖേന ആർട്ടിസാൻസിന് കൊടുത്തുകൊണ്ട് തൊഴിൽ കൊടുക്കാനാണ് ആഗ്രഹിക്കുന്നത്. അത് no profit, no loss എന്നുള്ള നിലയ്ക്കാണ്. അതിനുള്ള നടപടിക്രമം എടുത്തുവരുന്നുണ്ട്. കൂടാതെ ക്ഷേമ പദ്ധതികളെല്ലാം ഇപ്പോൾ നടപ്പിൽ വരുത്തുകയാണ്. ഇനി ഒരു കോംപ്രിഹെൻസീവായിട്ട് ഇവർക്ക് പ്രത്യേകം വേണമെങ്കിൽ ആ കാര്യം ഗവൺമെന്റ് പരിശോധിച്ച് ചെയ്യാം.

(7) ചാവക്കാട് താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി. കെ. കെ. ബാവ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ചാവക്കാട് പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രി ജനങ്ങൾക്ക് ഒരു ശാപമായി മാറിയിരിക്കുകയാണ്. ഈ ആശുപത്രിയുടെ ശാപമോക്ഷത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായ ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത്. സർ, അവിടെ ആവശ്യമായ മരുന്ന് തക്കസമയത്ത് ലഭിക്കുന്നില്ല. വളരെക്കാലമായി എക്സ്റേ 50 എം.എം. കേടുവന്നിരിക്കുന്നു. അവ വളരെ പഴകിയതുമാണ്. റിപ്പയർ ചെയ്യുന്നതിനോ ആവശ്യമായ മറ്റ് മെഷീൻ സ്ഥാപിയതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly